പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2795 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസിൽ പിൻവാതിലിലൂടെ കയറുന്ന യാത്രക്കാർ

ചോദ്യം
ശ്രീമതി.പി. അയിഷാ പോറ്റി .

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസിൽ പിൻവാതിലിലൂടെ കയറുന്ന യാത്രക്കാരെ കാര്യമായി ശ്രദ്ധിക്കാൻ കണ്ടക്ടർക്കും ഡ്രൈവർക്കും കഴിയാത്തതുമൂലം സംഭവിക്കുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിലുള്ള ചില അപകടങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ ഇത് ഡ്രൈവറുടേയും കണ്ടക്ടറുടേയും ഭാഗത്തുനിന്നുള്ള അശ്രദ്ധകൊണ്ടു സംഭവിക്കുന്നതാണ്. ഡ്രൈവറും കണ്ടക്ടറും ഇരുവാതിലുകളും ശ്രദ്ധിച്ചതിനുശേഷം മാത്രം വാഹനം മുന്നോട്ടെടുത്താൽ ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കാം.<br>പിൻവാതിൽ ശ്രദ്ധിക്കുവാൻ സാധിക്കത്തക്ക രീതിയിലാണ് കണ്ടക്ടർ സീറ്റ് ക്രമീകരിച്ചിരിക്കുന്നത്. ഡ്രൈവറുടെ ഉപയോഗത്തിനായി മുൻവശത്ത് ഇരുവശങ്ങളിലുമായി റീയർ വ്യൂ മിററുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസിലെ പിൻവശത്തെ വാതിൽ ഒഴിവാക്കുന്നത് സംബന്ധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ? | (ബി) | മോട്ടോർ വാഹന നിയമത്തിൽ സ്റ്റേജ് കാര്യേജ് ബസുകൾക്ക് രണ്ടു വാതിലുകൾ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**